**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2215** **16-03-2022 - ൽ മറുപടിയ്ക്ക്**

**പി.പി.ഇ. കിറ്റുകളുടെ പർച്ചേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 29.03.2020-ൽ കെറോണിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങാൻ തീരുമാനമെടുത്തിരുന്നോ; പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങിയ കിറ്റുകളുടെ എണ്ണവും എത്ര രൂപ നിരക്കിലാണ് പി.പി.ഇ. കിറ്റ് ലഭ്യമാക്കിയതെന്നും വ്യക്തമാക്കാമോ; | (എ) | കെ.എം.എസ്.സി.എൽ തീരുമാനമെടുത്തിരുന്നു. 551.25 രൂപ നിരക്കിൽ 29/03/2020 ന് ഒരു ലക്ഷം എണ്ണം പി.പി.ഇ കിറ്റ് വാങ്ങുന്നതിനായി കെറോണിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേയ്സ് ഓർഡർ നൽകിയിരുന്നു. |
| (ബി) | 29.03.2020-ലെ പർച്ചേസിന് ശേഷം പ്രസ്തുത കമ്പനിയിൽ നിന്നും കൂടുതൽ പി.പി.ഇ. കിറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നോ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നു. |
| (സി) | 29.03.2020-ലെ പർച്ചേസിന് ശേഷം പി.പി.ഇ. കിറ്റിന്റെ ലഭ്യതക്കുറവ് മൂലം കൂടുതൽ പി.പി.ഇ. കിറ്റ് നൽകാൻ സാധിക്കില്ലെന്ന് കെറോൺ കമ്പനി സർക്കാരിനെയോ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയോ അറിയിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | ഇപ്രകാരം അറിയിപ്പ് ലഭിച്ചിട്ടില്ല. |
| (ഡി) | 28.03.2020-ന് ശേഷം തദ്ദേശീയരായ വിതരണക്കാരിൽ നിന്നും എച്ച്. എൽ. എൽ-നിന്നും കിറ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നോ; വിശദവിവരങ്ങൾ നൽകാമോ? | (ഡി) | KMSCL ആവശ്യപ്പെട്ടിരുന്നു. KSDPL, New Care hygene, Kitex Garments തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പി.പി.ഇ കിറ്റ് വാങ്ങിയിരുന്നു. |

സെക്ഷൻ ഓഫീസർ